LIBRARY ARCHIVES Kerala Legislative Assembly

(8) കല്ലരിക്കടവ് പാലം നിർമ്മാണം

ശ്രീ. കെ. വി. സുമേഷ്: സർ, അഴീക്കോട് മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ആവശ്യങ്ങളിൽ ഒന്നാണ് കല്ലരിക്കടവ് പാലം നിർമ്മാണം. ഇത് പാപ്പിനിശ്ശേരി - നാറാത്ത് എന്നീ രണ്ട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതാണ്. 2017-18-ൽ അതിനെ ബഡ്ജറ്റിലുൾപ്പെടുത്തി എ.എസ്.-ഓടുകൂടി 25 കോടി രൂപ അനുവദിച്ചുവെന്നാണ് അറിയാൻ കഴിയുന്നത്. ഇത് വളരെ പ്രധാനപ്പെട്ട ഒരു ബൈപ്പാസായി ഉപയോഗിക്കാൻ സാധിക്കുന്നതാണ്. വളപട്ടണം ജംഗ്ഷനിൽനിന്ന് കണ്ണൂരിലേയ്ക്ക് പോകാൻ സാധിക്കുന്ന പ്രധാനപ്പെട്ട ഒരു വഴിയായി ഇത് മാറും. നാടിന്റെ പ്രധാന ആവശ്യങ്ങളിലൊന്നായ ഇതിന്റെ മറ്റ് പണികളൊന്നും ആരംഭിച്ചതായി കാണുന്നില്ല. അടിയന്തരമായി ഈ പാലം നിർമ്മാണം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് കല്ലരിക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ്. കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി - നാറാത്ത് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കല്ലരിക്കടവ് പാലം കിഫ്ബി പ്രവൃത്തിയാണ്. പ്രസ്തുത പ്രവൃത്തിയുടെ tentative general design drawing-ന്മേലുള്ള feasibility report പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ ഡിസൈൻ വിംഗിന് സമർപ്പിച്ചിട്ടുണ്ട്. 27-3-2021-ൽ പ്രവൃത്തിയുടെ ഫയൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ കിഫ്ബി വിംഗിലേയ്ക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് സാമ്പത്തികാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ കിഫ്ബി സ്വീകരിച്ചുവരുന്നു.

(9) കെട്ടിട നിർമ്മാണം

ശ്രീ. പ്രമോദ് നാരായൺ: സർ, പത്തനംതിട്ട ജില്ലയിലെ മലയോര മേഖലയിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിൽ നിർണ്ണായകമായ പങ്കുവഹിക്കുന്ന റാന്നി താലൂക്കാശുപത്രി ശബരിമല തീർത്ഥാടന കാലത്ത് ഭക്തജനങ്ങൾക്ക് മികച്ച സേവനംകൂടി നൽകുന്ന സ്ഥാപനമാണ്. സമർപ്പിത സേവനം നടത്തുന്ന ഡോക്ടർമാരും കഠിനാധ്വാനികളായ ജീവനക്കാരും ആ ആശുപത്രിയുടെ മികവിന് മുതൽക്കൂട്ടാണ്. കേവലം ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രമായിരുന്ന ഈ ആശുപത്രി താലൂക്കാശുപത്രിയായി ഉയർത്തപ്പെടുന്നത് 1991-ലാണ്. ദീർഘകാലം അവിടത്തെ എം.എൽ.എ. ആയിരുന്ന ശ്രീ. രാജു എബ്രഹാം മുൻകയ്യെടുത്ത് സ്പെഷ്യാലിറ്റി കേഡറിലേയ്ക്ക് ഉയർത്തപ്പെട്ട ആശുപത്രി ആർദ്രം മിഷനിലും ഉൾപ്പെടുത്തിയിരുന്നു. ആ ആശുപത്രിയുടെ ഭാവി

LIBRARY ARCHIVES Kerala Legislative Assembly

വികസനത്തിനായി റാന്നി ബ്ലോക്ക് പഞ്ചായത്ത് 25 സെന്റ് സ്ഥലം വാങ്ങി നൽകുകയും ഇപ്പോൾ 50 സെന്റ് സ്ഥലംകൂടി പുതുതായി ഏറ്റെടുക്കുന്ന നടപടി റവന്യൂ വകുപ്പ് പൂർത്തീകരിച്ചിട്ടുമുണ്ട്. റാന്നി താലൂക്കാശുപത്രിയിൽ ഇപ്പോൾ ലക്ഷ്യ സ്റ്റാൻഡേർഡിൽ ആധുനിക ലേബർ ഡെലിവറി റിക്കവറി സ്യൂട്ട്സ് സ്ഥാപിക്കാൻ അനുമതി നൽകിയ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ ഞാൻ റാന്നിയിലെ ജനങ്ങൾക്കുവേണ്ടി പ്രത്യേകം അഭിനന്ദിക്കുകയും ചെയ്യുന്നു. കിഫ്ബിവഴി റാന്നി താലൂക്കാശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. റാന്നി ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് സ്ഥലപരിമിതി വലിയ തടസ്സമായതിനാൽ 12 നിലകളുള്ള കെട്ടിടമാണ് വിഭാവന ചെയ്തിരുന്നത്. ആശുപത്രികളുൾപ്പെടെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ചുള്ള ആധുനിക കാഴ്ചപ്പാട് ലോകത്താകെ മാറുകയും എല്ലാ സൗകര്യങ്ങളോടുംകൂടി ഇത്തരമൊരു കെട്ടിടത്തിന് രൂപകല്പന നടത്തുകയും ചെയ്തു. എന്നാൽ ഇപ്പോൾ മൂന്ന് നിലകൾ മാത്രമുള്ള കെട്ടിടമായി അത് പരിമിതപ്പെടുത്തണമെന്ന നിർദ്ദേശമാണ് ലഭിച്ചിരിക്കുന്നത്. ഇത്തരത്തിൽ ഒരു കെട്ടിടം നിർമ്മിച്ചാൽ പിന്നീട് മുകളിലേയ്ക്ക് പണിയാൻ കഴിയാതെ വരും. ആശുപത്രി സ്ഥിതി ചെയ്യുന്നത് ടൗണിലായതിനാൽ ആ സ്ഥലത്തിന്റെ പ്രത്യേകതയനുസരിച്ച് ഇനി സ്ഥലം ലഭിക്കുകയുമില്ല. അതിനാൽ മുമ്പ് വിഭാവന ചെയ്തതുപോലെ 12 നിലകളുള്ള കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകണമെന്നാണ് സർക്കാരിനോട് അഭ്യർത്ഥിക്കുന്നത്.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, റാന്നി താലൂക്കാശുപത്രിയിൽ നിലവിൽ നാല് നിലകൾ വീതമുള്ള ഒ.പി. വിഭാഗവും കാഷ്വാലിറ്റിയും പ്രവർത്തിക്കുന്ന രണ്ട് കെട്ടിടങ്ങളാണുള്ളത്. ഒ.പി. ടാൻസ്ഫർമേഷന്റെ ഭാഗമായി ഒരു കോടി നാല് ലക്ഷം രൂപയുടെ പ്രവൃത്തികൾ ഹൗസിംഗ് ബോർഡുവഴി നടത്തുന്നതിനുള്ള നടപടി തുടരുകയാണ്. റാന്നി താലൂക്കാശുപത്രിയിലെ ഔട്ട് പേഷ്യന്റ് വിഭാഗം, അത്യാഹിത വിഭാഗം, ലാബുകൾ എന്നിവയുൾപ്പെടെയുള്ള രോഗനിർണ്ണയ സംവിധാനങ്ങൾ കിഫ്ബി ധനസഹായത്തോടുകൂടി നവീകരിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി HITES-നെ ചുമതലപ്പെടുത്തിയിരുന്നു. HITES തയ്യാറാക്കിയ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ 30.12.2020-ലെ ഉത്തരവ് പ്രകാരം 12.77 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിരുന്നു. ഈ പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് 12 നിലകളുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള ചില

LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതിക തടസ്സങ്ങൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ HITES ചൂണ്ടിക്കാട്ടിയിരുന്നു. ഒ.പി., കാഷ്വാലിറ്റി തുടങ്ങിയവയുടെ നവീകരണത്തിനായി കിഫ്ബി പദ്ധതിയിൽപ്പെടുത്തി അനുവദിച്ചിരുന്ന 12.77 കോടി രൂപ ഉപയോഗിച്ച് മൂന്നുനിലകളുള്ള ഒരു കെട്ടിടം ഭാവിയിൽ ഏഴുനിലകൾ വരെ നിർമ്മിക്കാവുന്ന രീതിയിലുള്ള ഫൗണ്ടേഷനോടുകൂടി നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ട വിശദമായ പദ്ധതിരേഖയാണ് HITES തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളത്. ഇതിന്മേൽ കിഫ്ബിയുടെ സാങ്കേതിക പരിശോധനകൾക്കും സാമ്പത്തികാനുമതിക്കുംശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

റാന്നി താലൂക്കാശുപത്രിയോട് ചേർന്നുകിടക്കുന്ന റാന്നി വില്ലേജിലെ രണ്ട് സ്ഥലങ്ങൾ, 30 സെന്റ് സ്ഥലവും 21½ സെന്റ് സ്ഥലവും നെഗോഷ്യേറ്റഡ് പർച്ചേസിലൂടെ വാങ്ങുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. അവിടെ 12 നിലയ്ക്ക് സാങ്കേതിക തടസ്സങ്ങൾ ഉള്ളതുകൊണ്ട് ഏഴുനിലയ്ക്കുള്ള ഫൗണ്ടേഷൻ ഇട്ടുകൊണ്ടാണ് ഇപ്പോൾ ആദ്യഘട്ടത്തിൽ മൂന്ന് നിലകൾ പണിയുന്നത്. ബഹുമാന്യനായ എം.എൽ.എ.-യുടെയും റാന്നിയുടെയും ആവശ്യം പരിഗണിച്ചുകൊണ്ട് റാന്നി താലൂക്കാശുപത്രിയിൽ ഇന്നലെ ഒരു ആധുനിക ലേബർ ഡെലിവറി സ്യൂട്ട് നിർമ്മിക്കുന്നതിന് 69 ¾ ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(10) കോവിഡ് ചികിത്സാ സൗകര്യം

ശ്രീ. ടി. സിദ്ദിഖ്: സർ, എല്ലാവർഷവും പ്രത്യേകിച്ച് പ്രളയസമയത്ത് വയനാട്ടിലേയ്ക്കുള്ള എല്ലാ റോഡുകളിലും ഗതാഗതം പൂർണ്ണമായി നിർത്തേണ്ടിവന്ന സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. അത് 25 ദിവസം വരെ നീണ്ടുനിന്ന സാഹചര്യവുമുണ്ടായിട്ടുണ്ട്. ഉരുൾപൊട്ടൽ, റോഡ് തകരൽ, വെള്ളപ്പൊക്കം, മലയിടിച്ചിൽ തുടങ്ങി എല്ലാ പ്രശ്നങ്ങളും അവിടെ നേരിടുന്നുണ്ട്. ഇപ്പോൾ കോവിഡിന്റെ സെക്കൻഡ് വേവ് നടക്കുമ്പോൾ ഓക്സിജൻ കിട്ടാതെ ബുദ്ധിമുട്ട് വന്ന ഒരു ദിവസവുമുണ്ടായി. അപ്പോൾ അവിടെ അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രിയും ജില്ലാ ഭരണകൂടവും ഞങ്ങളെല്ലാവരും ബന്ധപ്പെട്ട് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്തു. നിലവിൽ വയനാട് ജില്ല ആശ്രയിക്കുന്നത്, കോഴിക്കോട് ഗോവിന്ദ് ഏജൻസി, ചേളാരി ശ്രീകൃപ, പാലക്കാട് കഞ്ചിക്കോടുള്ള INOX ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെയാണ്. റോഡ് തകർന്നാൽ വേറെ മാർഗ്ഗമില്ല; അവിടെ റെയിൽവേയും ബദൽ റോഡുമില്ല. അതുപോലെ എയർ കണക്ടിവിറ്റിയും ഇല്ലാത്ത സാഹചര്യമുണ്ട്. അതുകൊണ്ടുതന്നെ ചുരത്തിന് മുമ്പിലും